<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5165</u> <u>12-08-2021 - ൽ മറുപടിയ്ക്ക്</u>

<u>ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം പദ്ധതികളും പ്ലാനുകളും അനന്തമായി നീളുകയും പദ്ധതി ചെലവുകൾ ഉയരുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് വിശദവും കൃത്യവുമായ സ്കീമുകൾ തയ്യാറാക്കി അംഗീകാരം നൽകുന്ന നടപടികൾക്ക് രൂപം നൽകുമോ; | (എ) | പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി Working Group –കളുടെ സാമ്പത്തിക അധികാര പരിധി 10 കോടിയായും Special Working Group (SWG)-ന്റേത് 10 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്കായും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതി ഘടകങ്ങളിലും ഘടനയിലും മാറ്റമില്ലാത്തതുമായ തുടർ പദ്ധതികൾക്ക് പരിധിയില്ലാതെ ഭരണവകുപ്പിന് തന്നെ ഭരണാനുമതി നൽകാൻ കഴിയുന്നതാണ്. പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നത് ഉറപ്പു വരുത്തുന്നതിനും ഭരണാനുമതിക്ക് സമർപ്പിക്കുന്ന Proposal നോടൊപ്പം ആവശ്യമായ രേഖകൾ, Price software-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ എന്നിവ സഹിതം നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, SWG എല്ലാ ആഴ്ചയിലും യോഗങ്ങൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകിവരുന്നുണ്ട്. ധനപരമായ നടപടിക്രമങ്ങൾ സംബന്ധിച്ച് നിലവിൽ ഭരണവകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ഫണ്ട് ധനവകുപ്പിന്റെ അനുമതി ഇല്ലാതെ ഭരണവകുപ്പിന് തന്നെ റിലീസ് ചെയ്ത് നൽകാവുന്നതാണ്. Grant–in–Aid സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പദ്ധതി വിഹിതം റിലീസ് ചെയ്യുന്നതിന് മാത്രമേ ധനവകുപ്പിന്റെ അനുമതി തേടേണ്ടതുള്ളൂ. |
| (ബി) | നിലവിലെ സാമ്പത്തിക നടപടിക്രമങ്ങൾ സംബന്ധിച്ച് കൃത്യമായ പഠനം നടത്തി ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി Working Group –കളുടെ സാമ്പത്തിക അധികാര പരിധി 10 കോടിയായും Special Working Group (SWG)-ന്റേത് 10 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്കായും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, പദ്ധതി ഘടകങ്ങളിലും ഘടനയിലും മാറ്റമില്ലാത്തതുമായ തുടർ പദ്ധതികൾക്ക് പരിധിയില്ലാതെ ഭരണവകുപ്പിന് തന്നെ ഭരണാനുമതി നൽകാൻ കഴിയുന്നതാണ്. പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നത് ഉറപ്പ് വരുത്തുന്നതിനും ഭരണാനുമതിക്ക് സമർപ്പിക്കുന്ന Proposal നോടൊപ്പം ആവശ്യമായ രേഖകൾ, Price software-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ എന്നിവ സഹിതം നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, SWG എല്ലാ ആഴ്ചയിലും യോഗങ്ങൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകിവരുന്നുണ്ട്. ധനപരമായ നടപടിക്രമങ്ങൾ സംബന്ധിച്ച് നിലവിൽ ഭരണവകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ഫണ്ട് ധനവകുപ്പിന്റെ അനുമതി ഇല്ലാതെ ഭരണവകുപ്പിന് തന്നെ റിലീസ് ചെയ്ത് നൽകാവുന്നതാണ്. Grant–in–Aid സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പദ്ധതി വിഹിതം റിലീസ് ചെയ്യുന്നതിന് മാത്രമേ ധനവകുപ്പിന്റെ അനുമതി തേടേണ്ടതുള്ളൂ. |

സെക്ഷൻ ഓഫീസർ